LIBRARY ARCHIVES Kerala Legislative Assembly

നാട്ടിക വ്യവസായ വിവരസാങ്കേതിക പ്രവർത്തനങ്ങൾ

203 (570) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാട്ടിക നിയോജക മണ്ഡലത്തിൽ എന്തെല്ലാം വ്യവസായ-വിവരസാങ്കേതിക വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രവർത്തനങ്ങൾ നടക്കാത്തതിന് എന്തെങ്കിലും കാരണങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12-ൽ നാട്ടിക നിയോജക മണ്ഡലത്തിലെ തളിക്കുളം ബ്ലോക്കിൽ രണ്ട് ലക്ഷം രൂപ വീതമുള്ള 4 പ്രോജക്ടുകൾ 4 ഗ്രൂപ്പുകൾക്കായി റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. കൂടാതെ തളിക്കുളം വികാസ് ട്രസ്റ്റിലെ പരിശീലന പരിപാടിയിൽ 60 പേർക്ക് തയ്യലിനും 10 പേർക്ക് ആഭരണ നിർമ്മാണത്തിനും പരിശീലനം നൽകി. 2014-15-ൽ 2 കുടുംബശ്രീ യൂണിറ്റുകളിലായി 10 അംഗങ്ങൾക്കുവീതം 4 ലക്ഷം രൂപ ലോണും 4 ലക്ഷം രൂപ സബ്സിഡിയും നൽകികൊണ്ട് ഫാഷൻ ഡിസൈനിംഗിനും ജ്വല്ലറി മേക്കിംഗിലും പരിശീലനം നൽകി. ഇതേകാലയളവിൽ തന്നെ 10 പേർ വീതമുള്ള 2 ഗ്രൂപ്പുകൾക്ക് 8,80,000 രൂപ കാറ്ററിംഗ്&ബേക്കറി സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകിയിട്ടുണ്ട്. ഇതിൽ 4 ലക്ഷം രൂപ ലോണും 4 ലക്ഷം രൂപ സബ്സിഡിയും 80,000 രൂപ ടെയിനിംഗ് ചെലവുകളുമാണ്. 2015-16-ൽ 2 വ്യവസായ സെമിനാറുകൾ നടത്തി. അതിൽ 160 പേർ പങ്കെടുക്കുകയും 80 ഓളംപേർ യൂണിറ്റ് ആരംഭിക്കുന്നതിനായി മുന്നോട്ട് വരികയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 10 പേർക്കുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.